## യുവദീപ്തി കെസിവൈഎം
## കോതമംഗലം രൂപത

# അരങ്ങ് 2025

## രൂപത കലോത്സവം

# മാർഗ്ഗരേഖ

ബഹുമാനപ്പെട്ട ഡയറക്ടർ, ആനിമേറ്റർ, പ്രിയ യുവജന സുഹൃത്തേ,

രൂപതാ കുടുംബത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ...

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപത അണിയിച്ചൊരുക്കുന്ന അരങ്ങ് - 2025 രൂപത കലോത്സവത്തിന്റെ മത്സര ഇനങ്ങളും നിബന്ധനകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള മാർഗ്ഗരേഖയാണ് ഇത്. എല്ലാ മത്സര ക്രമീകരണങ്ങളും ഈ മാർഗ്ഗരേഖ അനുസരിച്ച് മാത്രമായിരിക്കും നടക്കുക.

അരങ്ങ് - 2025 രൂപതാ കലോത്സവം, മുവാറ്റുപുഴ നിർമല കോളേജിൽ വെച്ച് നടത്തപ്പെടുന്നു. ആഗസ്റ്റ് 24, ഞായറാഴ്ച്ച ക്വിസ്, ഡിബേറ്റ് എന്നീ മത്സരങ്ങളും, സെപ്റ്റംബർ - 13 (ശനി) മറ്റ് മത്സരയിനങ്ങളും നടത്തപ്പെടുന്നതാണ്. അരങ്ങ് 2025 രൂപത കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് ഏവരുടെയും പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട് യുവജന കലാസംഗമ വേദിയിലേക്ക് ഏവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

# 1.പൊതുനിർദ്ദേശങ്ങൾ

1.a. കലാ - മത്സരങ്ങളുടെ **രജിസ്ട്രേഷൻ ആഗസ്റ്റ് 11 തിങ്കളാഴ്ച ആരംഭിക്കുന്നതാണ്**. രജിസ്ട്രേഷൻ നടത്താനുള്ള **അവസാന തീയതി ആഗസ്റ്റ് 22 രാത്രി 10 മണി വരെയാണ്.**

1.b. മത്സരങ്ങളുടെ രജിസ്ട്രേഷൻ രൂപത സമിതി നൽകിയിരിക്കുന്ന തീയതികളിൽ തന്നെ യൂണിറ്റുകൾ പൂർത്തിയാക്കേണ്ടതാണ്.

1.c. കലോത്സവത്തിന്റെ **രജിസ്ട്രേഷൻ ഫീസ് ഒരു യൂണിറ്റിന് 1000/- രൂപ** ആയിരിക്കും. രജിസ്ട്രേഷൻ സമയത്ത് ഓൺലൈനായി ഫീസ് അടച്ചതിന്റെ സ്ക്രീൻഷോട്ട് അപ്ലോഡ് ചെയ്യേണ്ടതാണ്.

1.d. ഓരോ യൂണിറ്റിനും ഒരു യൂണിറ്റ് മാനേജർ ഉണ്ടായിരിക്കേണ്ടതാണ്. അരങ്ങ് രചന മത്സരത്തിനായി യൂണിറ്റ് ഡയറക്ടറുടെ അനുവാദത്തോടെ തെരഞ്ഞെടുത്ത വ്യക്തി തന്നെയായിരിക്കും കലോത്സവത്തിന്റെയും യൂണിറ്റ് മാനേജർ. യൂണിറ്റ് മാനേജർ മാത്രമേ കലോത്സവവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവൂ.

1.e. മത്സരത്തിൽ പങ്കെടുക്കുന്ന മുഴുവൻ മത്സരാർത്ഥികളുടെയും ഫോട്ടോയും, പേര് വിവരങ്ങളും, ID പ്രൂഫും അടങ്ങുന്ന സാക്ഷ്യപത്രം രൂപതയിൽ നിന്നും നൽകുന്ന നിർദിഷ്ട ഫോമിൽ യൂണിറ്റ് ഡയറക്ടറുടെ ഒപ്പോടുകൂടി മത്സരങ്ങൾക്ക് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

1.f. വ്യക്തിഗത ഇനത്തിൽ പങ്കെടുക്കുന്നവരുടെ പേരും, ഗ്രൂപ്പ് ഇനത്തിൽ ഗ്രൂപ്പ് ലീഡറുടെ പേരും രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്.

1.g. ഗ്രൂപ്പ് ഇനങ്ങൾക്ക് രജിസ്റ്റർ ചെയ്തശേഷം പങ്കെടുക്കാതെ ഇരുന്നാൽ ഒരു ഇനത്തിന് 100 രൂപ എന്ന രീതിയിൽ രജിസ്ട്രേഷൻ ഫീസിന് പുറമെ പിഴ ഈടാക്കുന്നതാണ്. പിഴ അടക്കാത്ത പക്ഷം യൂണിറ്റിനെ മറ്റ് മത്സരയിനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും അയോഗ്യരാക്കുന്നതാണ്.

1.h. 15-30 ന് ഇടയിൽ പ്രായമുള്ള കെ.സി.വൈ.എം. അംഗങ്ങളായ യുവതി യുവാക്കന്മാർക്ക് മാത്രമേ മത്സരിക്കാൻ സാധിക്കൂ. **(1994 മെയ് 1 നും 2010 മെയ് 1 നും ഇടയിൽ ജനിച്ചവർ)**

1.i. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിയിൽ ഉള്ളവരും കെ.സി.വൈ.എം. അംഗങ്ങൾ തന്നെയായിരിക്കണം.

1.j. ഗ്രൂപ്പ് ഇനങ്ങൾക്ക് ഒരു യൂണിറ്റിൽ നിന്ന് ഒരു ടീമിനാണ് പങ്കെടുക്കാൻ സാധിക്കൂ.

1.k. വ്യക്തിഗത ഇനങ്ങൾ ആൺ/പെൺ വിഭാഗം തിരിച്ചായിരിക്കും മത്സരം നടക്കുക. ഒരു യൂണിറ്റിൽ നിന്ന് ഒരു യുവാവിനും ഒരു യുവതിക്കും പങ്കെടുക്കാം.

1.l. ഒരാൾക്ക് 3 വ്യക്തിഗത ഇനത്തിലും 2 ഗ്രൂപ്പ് ഇനത്തിലും പങ്കെടുക്കാവുന്നതാണ്.

1.m. മത്സരയിനങ്ങളുടെ വിശദമായ Time Table രജിസ്ട്രേഷൻ പൂർത്തിയായ ശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

1.n. ഗ്രൂപ്പ് ഇനങ്ങളുടെ സമയ പരിധിയും പങ്കെടുക്കാവുന്ന വ്യക്തികളുടെ എണ്ണവും വിധി നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങളും കൃത്യമായി മനസിലാക്കി മത്സരങ്ങളിൽ പങ്കെടുക്കുക.

1.o. ഓരോ ഇനത്തിലേയും A ഗ്രേഡോടു കൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിന് /വിജയികൾക്ക് സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കും. ഒന്നാം സ്ഥാനം നേടിയ ടീം/വ്യക്തി പങ്കെടുക്കുന്നില്ലെങ്കിൽ A ഗ്രേഡോടു കൂടി രണ്ടാം സ്ഥാനം ലഭിച്ച ടീമിന്/വ്യക്തിക്ക് അവസരം ലഭിക്കുന്നതാണ്.

1.p. രൂപതാതല മത്സരങ്ങളുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല രൂപത സമിതിക്കായിരിക്കും.

1.q. കലോത്സവം പൂർണ്ണമായും ഹരിത പെരുമാറ്റ ചട്ടത്തിനു വിധേയമായിരിക്കേണ്ടതാണ്.

1.r. മത്സരങ്ങൾക്ക് അര മണിക്കൂർ മുൻപ് സ്റ്റേജ് മാനേജർമാർ, ടീം മാനേജർമാർ എന്നിവരുടെ യോഗം നിർബന്ധമായി ചേരേണ്ടതാണ്.

1.s. എവർറോളിംഗ് ട്രോഫി കരസ്ഥമാക്കിയിട്ടുള്ള യൂണിറ്റുകൾ രൂപത സമിതി നിശ്ചയിക്കുന്ന തീയതിക്ക് മുൻപായി രൂപത ഓഫീസിൽ ട്രോഫികൾ എത്തിക്കേണ്ടതാണ്.

1.t. യൂണിറ്റുകളിൽ നിന്നും വരുന്ന ടീമിന്റെ പൂർണ്ണ ഉത്തരവാദിത്വം യൂണിറ്റ് ഡയറക്ടർ, ആനിമേറ്റർ,യൂണിറ്റ് മാനേജർ, യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് ആയിരിക്കും.. ആയതിനാൽ ഇവരിൽ ആരെങ്കിലും ഒരാൾ മുഴുവൻ സമയവും കലോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

1.u. കലോത്സവത്തിൽ തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ മേലുള്ള അന്തിമ തീരുമാനമെടുക്കുവാനുള്ള അവകാശം രൂപത സമിതിയ്ക്കായിരിക്കും. മത്സരാർത്ഥികളും യൂണിറ്റുകളും ഈ തീരുമാനം അംഗീകരിക്കേണ്ടതാണ്.

1.v വിധികർത്താക്കളുടെ തീരുമാനം മാനിക്കേണ്ടതാണ്. മത്സരത്തിനു മുൻപോ മത്സരസമയത്തോ മത്സരത്തിനു ശേഷമോ രൂപത സമിതിയുടെ അനുവാദമില്ലാതെ വിധികർത്താക്കളുമായി സംസാരിക്കുവാൻ ആരെയും അനുവദിക്കുന്നതല്ല.

1.w. കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് കെ.സി.വൈ.എം നിയമങ്ങളെക്കുറിച്ചും പാലിക്കേണ്ടതായ അച്ചടക്കത്തെക്കുറിച്ചും കൃത്യമായ ധാരണ ഉണ്ടായിരിക്കണം.

# 2.ഗ്രേഡ് & പോയിന്റ്

2.a. മത്സരത്തിൽ 60 ശതമാനത്തിൽ താഴെ മാർക്കു ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല. 60 ശതമാനമോ അതിലധികമോ മാർക്കുകിട്ടുന്ന ഇനങ്ങളെ എ, ബി, സി എന്നീ മൂന്നുഗ്രേഡുകളായി തിരിക്കുന്നതാണ്.

2.b. മത്സരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്.

ഗ്രേഡ്

- A ഗ്രേഡ് (80%ൽ കൂടുതൽ) – 5 പോയിന്റ്
- B ഗ്രേഡ് (70% – 79%) – 3 പോയിന്റ്
- C ഗ്രേഡ് (60% – 69%) – 1 പോയിന്റ്

2.c. വ്യക്തിഗത മത്സരങ്ങൾക്ക്:

- ഒന്നാം സ്ഥാനം – 5 പോയിന്റ്
- രണ്ടാം സ്ഥാനം – 3 പോയിന്റ്
- മൂന്നാം സ്ഥാനം – 1 പോയിന്റ്

2.d. ഗ്രൂപ്പ് ഇന മത്സരങ്ങൾക്ക്:

- ഒന്നാം സ്ഥാനം – 10 പോയിന്റ്
- രണ്ടാം സ്ഥാനം – 7 പോയിന്റ്
- മൂന്നാം സ്ഥാനം – 5 പോയിന്റ്

2.e. ഗ്രേഡിന്റെയും ലഭിക്കുന്ന സ്ഥാനത്തിന്റെയും പോയിന്റുകൾ കൂട്ടി ലഭിക്കുന്നതായിരിക്കും മത്സരത്തിന്റെ ആകെ മാർക്ക്.

# 3.മത്സര നിർദ്ദേശങ്ങൾ

3.a. എല്ലാ മത്സരങ്ങൾക്കും അതാത് വേദികളിൽ അര മണിക്കൂർ മുൻപ് റിപ്പോർട്ട് ചെയ്ത് Chest No എടുക്കേണ്ടതാണ്.

3.b. സമയപരിധി ലംഘിക്കുന്നത് എല്ലാ ഇനങ്ങളിലും (ഗ്രൂപ്പ് & സിംഗിൾ) ബാധകമാണ്. മത്സരങ്ങൾ അവസാനിക്കുന്നതിന് ഒരു മിനിറ്റ് മുമ്പ് വാണിംഗ് ബെൽ ഉണ്ടായിരിക്കും. സമയ കൃത്യത പാലിക്കേണ്ടതാണ്. നൽകിയിരിക്കുന്ന സമയത്തിലും അധികം എടുക്കുന്ന പക്ഷം താഴെ പറയും വിധം മാർക്കിൽ കുറവ് വരുന്നതാണ്.

- ആദ്യ ഒരു മിനിറ്റുവരെ - 5%
- 1 മുതൽ 2 മിനിറ്റുവരെ - 10%
- 2 മിനിറ്റിന് മുകളിൽ - 15%

3.c. മത്സരവുമായി ബന്ധപ്പെട്ട് കൊണ്ടുവരുന്ന വസ്തുക്കൾ യൂണിറ്റുകൾ സ്വന്തം ഉത്തരാവാദിത്ത്വത്തിൽ സൂക്ഷിക്കുകയും നിയന്ത്രിക്കുകയും വേണം.

3.d. മത്സരഫലത്തെക്കുറിച്ചോ അല്ലാതെയോ യാതൊരു സംശയവും മത്സരാർത്ഥികൾ വിധികർത്താക്കളോട് നേരിട്ട് ചോദിക്കുവാൻ പാടുള്ളതല്ല.

# 4.പ്രധാനമായും പാലിക്കേണ്ട നിർദ്ദേശങ്ങൾ

4.a. **മത്സരസ്ഥലവും ക്രമീകരണവും**:

- കലാമത്സരങ്ങൾ മുവാറ്റുപുഴ നിർമല കോളേജിൽ വെച്ച് നടത്തപ്പെടും.
- ഓരോ മത്സരവും കോളേജിലെ നിശ്ചിത ഓഡിറ്റോറിയങ്ങൾ, ഹാളുകൾ, ക്ലാസ്സ്റൂമുകൾ എന്നിവയിൽ ക്രമീകരിച്ചിരിക്കും.
- അരങ്ങ് - 2025 കേരള ക്രൈസ്തവ ധാർമ്മിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം നേതൃത്വം നൽകുന്ന കലോത്സവമാണ്. ഒരു കത്തോലിക്ക സംഘടന എന്ന നിലയിലുള്ള അച്ചടക്കം മത്സരത്തിലും മത്സരവേദിയിലും പാലിക്കേണ്ടതാണ്.
- മത്സരാർത്ഥികളും, കാഴ്ച്ചക്കാരും കർശനമായി അച്ചടക്കം പാലിക്കേണ്ടതാണ്.

4.b. **പരിസ്ഥിതി സംരക്ഷണവും മാലിന്യ നിയന്ത്രണവും**:

- കോളേജ് കോമ്പൗണ്ടിൽ ഭക്ഷണം, പ്ലാസ്റ്റിക്, പേപ്പർ, മറ്റുള്ള മാലിന്യങ്ങൾ നിക്ഷേപിക്കാനോ, ഉപേക്ഷിക്കാനോ പാടില്ല.
- വാഷ്റൂമുകൾ ( ലേഡീസ് & ജന്റ്സ്) ഉപയോഗിക്കുന്നവർ ക്ലീനിങ് പേപ്പർ, സോപ്പ്, മറ്റുള്ള യാതൊരുവിധ വസ്തുക്കളും ഉപേക്ഷിക്കാൻ പാടില്ല.
- കോളേജ് ക്യാമ്പസിന്റെ വൃത്തി ഉറപ്പ് വരുത്താൻ എല്ലാവരും ശ്രമിക്കേണ്ടതാണ്.

4.c. **ഗ്രീൻ റൂമുകൾ – ഉപയോഗം & Caution Deposit**:

- **ഗ്രീൻ റൂം ആവശ്യം ഉള്ള യൂണിറ്റുകൾ** മത്സരത്തിന് മുൻപ് നൽകുന്ന ഗൂഗിൾ ഫോം വഴി **1000 രൂപ Caution deposit അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.**
- മത്സരങ്ങൾക്ക് ശേഷം റൂമിന്റെ വൃത്തി ഉറപ്പാക്കിയതിനുശേഷമേ Caution deposit തിരിച്ചുനൽകുകയുള്ളൂ.

- ഫുഡ് വേസ്റ്റുകളും, മേക്കപ്പ് ഉപകരണങ്ങളും ഗ്രീൻ റൂമിൽ ഉപേക്ഷിക്കാൻ പാടുള്ളതല്ല.
- റൂമിന് എന്തെങ്കിലും കേടുപാടുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ Caution deposit പിഴയായി ഈടാക്കുന്നതാണ്.നാശനഷ്ടത്തിന്റെ ബാധ്യത 1000 രൂപയിൽ കൂടുതലാണെങ്കിൽ ആ വരുന്ന തുക യൂണിറ്റിൽ നിന്നും പിഴയായി അടക്കേണ്ടതാണ്.

**4.d. സ്വത്ത് നാശം – ഉത്തരവാദിത്തം:**

- മത്സര ദിവസങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള സംഘർഷം സൃഷ്ടിക്കുകയോ, സ്ഥാപനത്തിന്റെ ഭൗതിക സ്വത്തിന് എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്താൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും കാരണക്കാരായ യൂണിറ്റുകൾക്കും വ്യക്തികൾക്കും ആയിരിക്കും. വ്യക്തികളെ/ യൂണിറ്റിനെ മത്സരങ്ങളിൽ നിന്ന് അയോഗ്യരാക്കുകയും നാശ-നഷ്ടങ്ങൾക്കനുസരിച്ച് പിഴ ഈടാക്കുന്നതായിരിക്കും.

# 5. അപ്പീൽ

5.a. ഓഫ് ലൈനായി നടക്കുന്ന മത്സരങ്ങൾക്ക് മാത്രമേ അപ്പീൽ ഉണ്ടായിരിക്കുകയുള്ളു.

5.b. ഒരു മത്സരത്തിനുശേഷം അടുത്ത മത്സരം ആരംഭിക്കുന്നതിന് മുമ്പ് വേദികളിൽ വിധിക്കർത്താക്കൾത്തന്നെ ഫലപ്രഖ്യാപനം നടത്തുന്നതാണ്. മത്സരയിനങ്ങളുടെ ഫലപ്രഖ്യാപനം അപ്പീൽ നടപടികൾ ഉണ്ടെങ്കിൽ അതിനു ശേഷം സ്കോർ ബോർഡിൽ വരുമ്പോൾ മാത്രമായിരിക്കും ഔദ്യോഗികമാവുകയുള്ളൂ.

5.c. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിച്ചവരുടെ ചെസ്റ്റ് നമ്പർ മാത്രമേ പ്രഖ്യാപിക്കുകയുള്ളൂ

5.d. മത്സരഫലം പ്രഖ്യാപിച്ച് 10 മിനിറ്റുനുള്ളിൽ നിശ്ചിത ഫോമിൽ 1000 രൂപ ഫീസ് അടച്ച് യൂണിറ്റ് ഡയറക്ടർ / പ്രസിഡന്റ്/ സെക്രട്ടറി / ആനിമേറ്റർ/യൂണിറ്റ് മാനേജർ എന്നിവർ ആരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തി രൂപത സമിതിയുടെ ജൂറി ഓഫ് അപ്പീലിന് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

5.e. കെ.സി.വൈ.എം രൂപത ഡയറക്ടർ, അസ്സി.ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, ജന. സെക്രട്ടറി, എന്നിവർ അടങ്ങുന്നതായിരിക്കും രൂപത അപ്പീൽ കമ്മിറ്റി.

5.f. അപ്പീൽ അസാധുവായാൽ ഫീസ് തിരികെ നൽകുന്നതല്ല.

5.g. അപ്പീലിൽ മേൽ തീർപ്പ് കൽപ്പിക്കപ്പെട്ടു കഴിഞ്ഞാൽ അതിൻമേൽ പുതിയ ഒരു അപ്പീലോ ആക്ഷേപമോ ഉന്നയിക്കുവാൻ സാധിക്കുകയില്ല.

5.h. അപ്പീൽ പരിഗണിക്കുമ്പോൾ രൂപത അപ്പീൽ കമ്മറ്റിയോടൊപ്പം യൂണിറ്റ് ഡയറക്ടർ/പ്രസിഡന്റ്/സെക്രട്ടറി/ ആനിമേറ്റർ/യൂണിറ്റ് മാനേജർ എന്നിവരിൽ ആരെങ്കിലും ഒരാളും, വ്യക്തിഗത മത്സരം സംബന്ധിച്ചെങ്കിൽ മത്സരാർത്ഥി മാത്രവും, സംഘ ഇനം സംബന്ധിച്ചെങ്കിൽ ടീം ലീഡർ എന്നിവർക്കും മാത്രമേ ഓഫീസിൽ പ്രവേശനം അനുവദിക്കുകയുള്ളൂ.

5.i. അപ്പീൽ പരിഗണിക്കുന്ന അവസരത്തിൽ വിധികർത്താക്കൾ രേഖപ്പെടുത്തിയ മാർക്കുകൾ കൂട്ടി നോക്കുമ്പോൾ തെറ്റു സംഭവിക്കുകയോ, അത് മത്സരഫലത്തെ ബാധിക്കുകയോ ചെയ്താൽ അങ്ങനെയുള്ള മത്സരഫലങ്ങൾ മാത്രമേ പുനർ പ്രഖ്യാപിക്കുകയുള്ളൂ.

5.j. വിധികർത്താക്കൾ പ്രഖ്യാപിച്ച ഫലം ശരിയാണെങ്കിൽ അപ്പീൽ നൽകുന്ന വ്യക്തികളുടെ ടീമുകളുടെ പോരായ്മകൾ, വീഴ്ചകൾ എന്നിവ വിധികർത്താക്കളുടെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ വിവരിച്ചു നൽകുക മാത്രമായിരിക്കും ചെയ്യുക.

5.k.വിധികർത്താക്കളോട് അപമര്യാദയായി പെരുമാറുക, കയ്യേറ്റം ചെയ്യുക, വാഗ്ദാനം നൽകുക എന്നിവ ഉണ്ടായാൽ അപ്പീൽ കമ്മിറ്റി തീരുമാനപ്രകാരം യൂണിറ്റ് / വ്യക്തിയെ അയോഗ്യരാക്കുന്നതാണ്.

# 6. ചാമ്പ്യൻഷിപ്പ് സമ്മാനം

6.a. രചനാ - കലാമത്സരങ്ങളിൽ ഏറ്റവുമധികം പോയിന്റ് ലഭിക്കുന്ന യൂണിറ്റിനെ അരങ്ങിന്റെ ചാമ്പ്യന്മാരായി പ്രഖ്യാപിക്കുന്നതാണ്.

6.b. ചാമ്പ്യൻഷിപ്പ്, ഫസ്റ്റ് റണ്ണർ അപ്പ്, സെക്കന്റ് റണ്ണർ അപ്പ് എന്നിവർക്ക് മാത്രമായിരിക്കും എവർറോളിംഗ് ട്രോഫിയും, സർട്ടിഫിക്കറ്റും ലഭിക്കുക.

6.c. ഓരോ മത്സരത്തിനും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും മെഡലും മൂന്നാം സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.

# 7. അനുബന്ധം

7.a. കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന യാതൊരുവിധ മത്സരങ്ങളും, ഫലങ്ങളും കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു.

7.b. മത്സരങ്ങൾക്ക് ശേഷം സമൂഹമാധ്യമങ്ങളിലൂടെ വിമർശനമോ, ആക്ഷേപമോ ഉന്നയിക്കുവാൻ പാടുള്ളതല്ല.

## വ്യക്തിഗത ഇനങ്ങൾ

1. പ്രസംഗം
2. ലളിതഗാനം
3. മിമിക്രി
4. മോണോ ആക്ട്
5. നാടോടിനൃത്തം
6. ഫോട്ടോഗ്രാഫി
7. സ്പോട്ട് കൊറിയോ

## ഗ്രൂപ്പ് ഇനങ്ങൾ

1. തെരുവ് നാടകം
2. മാർഗംകളി
3. പരിചമുട്ട് കളി
4. മൈം
5. ചവിട്ടുനാടകം
6. കെ.സി.വൈ.എം ആന്തം
7. നാടൻപാട്ട്
8. ഗാനമേള
9. ഡിബേറ്റ്
10. ക്വിസ്

# വ്യക്തിഗത മത്സര ഇനങ്ങൾ

## 1. പ്രസംഗം

• സമയം 5 മിനിറ്റ്.

• ഭാഷ മലയാളം.

• 5 മിനിട്ട് മുമ്പ് വിഷയം നൽകപ്പെടും.

A) സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ് - 20%

B) അക്ഷരസ്ഫുടത - 15%

C) ഭാഷാശുദ്ധി - 15%

D) ആശയത - 20%

E) ധാരാവാഹിത്വം - 15%

F) സന്ദർഭോചിത ശബ്ദനിയന്ത്രണം - 15%

## 2. ലളിതഗാനം

• സമയം 5 മിനിറ്റ്

• സിനിമാഗാനം, ക്ലാസിക്കൽ ഗാനങ്ങൾ എന്നിവ അനുവദിക്കുന്നതല്ല.

A) ശാരീരം - 20%

B) ശ്രുതിലയം - 20%

C) ജ്ഞാനഭാവം - 20%

D) താളം - 20%

E) സാഹിത്യ ശുദ്ധി - 20%

## 3. മിമിക്രി

• സമയം 5 മിനിറ്റ്

• ധാർമ്മിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം.

• ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴിവാക്കണം.

A) വിഷയത്തോടുള്ള നീതി - 25%

B) അനുകരണ സാമർത്ഥ്യം - 25%

C) അഭിനയം - 25%

D) തന്മയത്വം - 25%

## 4.മോണോ ആക്ട്

- സമയം 5 മിനിറ്റ്.
- ഒരു സംഭവമോ കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അനുകരിക്കണം.
- ധാർമ്മിക മൂല്യങ്ങൾക്ക് ഉതകുന്നതായിരിക്കണം.
- ആക്ഷേപകരമായ പരാമർശം ഒഴിവാക്കണം.

A) അക്ഷരസ്പുടത - 25%

B) ആശയവ്യക്തത - 25%

C) ഭാവഭിനയം - 25%

D) സംഭാഷണം - 25%

## 5.നാടോടി നൃത്തം

- സമയം 7 മിനിട്ട്.
- നാടോടി നൃത്തത്തിന് അനുയോജ്യമായ രൂപവും വേഷവിധാനവും ആയിരിക്കണം.
- ആഡംബരം കഴിയുന്നതും കുറയ്ക്കണം.
- നാടോടിത്തനിമ കാത്തുസൂക്ഷിക്കണം.
- പിന്നണിയിൽ റെക്കോർഡ് ചെയ്ത് കാസറ്റ്, CD, പെൻഡ്രൈവ് എന്നിവ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.
- നാടോടിപാട്ടാണ് ഉപയോഗിക്കേണ്ടത്. സിനിമ ഗാനങ്ങൾ അനുവദനീയമല്ല.
- ഉപകരണങ്ങളുടെ ആധിക്യം കുറയ്ക്കണം. രംഗ സജീകരണം ആവശ്യമില്ല.

A) ആകാരസൂക്ഷ്മത - 20%

B) വേഷം - 20%

C) ഭാവപ്രകടനം - 20%

D) താളം - 20%

E) ചലനഭംഗി - 20%

## 6.ഫോട്ടോഗ്രാഫി

- സമയം 1 മണിക്കൂർ.
- അരങ്ങ് നടക്കുന്ന സ്ഥലത്ത് തൽസമയം തരുന്ന വിഷയത്തിൽ ഫോട്ടോയെടുത്ത് നൽകണം.
- ഡിജിറ്റൽ ക്യാമറ, പ്രൊഫഷണൽ ക്യാമറ തുടങ്ങിയ ഏതുതരം ക്യാമറയും ഉപയോഗിക്കാവുന്നതാണ്.
- ഡേറ്റ ഒന്നുമില്ലാത്ത മെമ്മറികാർഡ് മാത്രമേ മത്സരത്തിന് അനുവദിക്കുകയുള്ളൂ.
- മെമ്മറി കാർഡ് മത്സരത്തിന് മുൻപ് സംഘാടകരെ കാണിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- മൊബൈൽ ക്യാമറ അനുവദനീയമല്ല.

A) ആശയം - 20%

B) ഉള്ളടക്കം - 20%

C) സംവേദനക്ഷമത - 20%

D) സർഗ്ഗാത്മകത - 20%

E) സംയോജനം - 20%

## 7.സ്പോട് കൊറിയോ

- സമയം 3 മിനിറ്റ്.
- തൽസമയം വ്യത്യസ്ത ശൈലികളിൽ നൽകുന്ന വ്യത്യസ്തമായ പാട്ടുകൾക്ക് കൊറിയോഗ്രാഫി ചെയ്യണം.

A) ആകാരസൂക്ഷ്മത - 20%

B) ചുവട് - 20%

C) ഭാവപ്രകടനം - 20%

D) താളം - 20%

E) ചലനഭംഗി - 20%

# ഗ്രൂപ്പ് മത്സരയിനങ്ങൾ

## 1. തെരുവുനാടകം

- അവതരണ സമയം 20 മിനിട്ട്.
- 10 മിനിട്ട് രംഗ സജ്ജീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.
- ഏത് തരത്തിലുള്ള വേഷവും ഉപയോഗിക്കാം.
- എന്നാൽ മുഖത്ത് യാതൊരുവിധത്തിലുള്ള ചായവും പാടില്ല.
- സമകാലികമായ വിഷയവും, അതത് വർഷത്തെ പഠനവിഷയവും അടിസ്ഥാനമാക്കിയാവണം നാടകം അവതരിപ്പിക്കേണ്ടത്.
- ആളുകളുടെ എണ്ണം കഥയ്ക്കനുസരിച്ച് നിജപ്പെടുത്താവുന്നതാണ്.
- മൈക്ക് നൽകുന്നതല്ല.
- പശ്ചാത്തല വാദ്യമായി ചെണ്ട മാത്രമേ ഉപയോഗിക്കാവൂ.
- മത്സര ശേഷം അതാതു ടീമുകൾ സ്റ്റേജ് ക്ലിയർ ചെയ്യേണ്ടതാണ്.

**മൂല്യനിർണയ ഉപാധികൾ:**

- A) സംഭാഷണം /അഭിനയമികവ് - 25%
- B) ആശയവ്യക്തത - 25%
- C) വേഷത്തിന്റെ അനുയോജ്യത - 25%
- D) പൊതുഅവതരണം - 25%

**വിലയിരുത്തുന്ന ഘടകങ്ങൾ:**

- തെരുവിൽ അവതരിപ്പിക്കുന്ന ആക്ഷേപഹാസ്യം ആയിരിക്കണം .
- മാന്യമായ വേഷവിധാന രീതിയോടുകൂടിയ യൂണിഫോമിറ്റി.
- അഭിനയം, സംഭാഷണം, സംവിധാനം, സംഗീതം എന്നിവയ്ക്ക് പ്രധാന്യം.
- മാനുഷിക മൂല്യങ്ങളെ ഹനിക്കാത്തതും, ക്രൈസ്തവ മൂല്യങ്ങൾ, കത്തോലിക്കാ സഭയുടെ വിശ്വാസ സത്യങ്ങൾ എന്നിവയെ പോദ്യം ചെയ്യാത്തതും, വ്യക്തിഹത്യക്ക് കാരണവുമാകാത്ത രീതിയിൽ പ്രമേയം തയ്യാറാക്കി നാടകം അഭിനയിക്കേണ്ടതാണ്.

## 2.മാർഗംകളി

- 10 മിനിട്ട്. 7 പേർ.
- നിലവിളക്ക് ഉണ്ടായിരിക്കണം (സംഘാടകർ നൽകുന്നതായിരിക്കും).
- തനതായ വേഷമായിരിക്കണം.
- നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് ഇലത്താളം ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല.

**മൂല്യനിർണയ ഉപാധികൾ**

A) വേഷത്തിന്റെ അനുയോജ്യത 20%

B) ഭക്തിഭാവം 20%

C) ചുവട് 20%

D) താളം 20%

E) സംഗീതം 20%

**വിലയിരുത്തുന്ന ഘടകങ്ങൾ**

- ഒരാൾ പാടുകയും 6 പേർ കളിക്കുകയും ചെയ്യണം
- പരമാവധി സമയം 10 മിനിറ്റ്
- മുടി മായിക്കെട്ട് കെട്ടണം
- ചട്ട, മുണ്ട്, കവണി എന്നിവ ആവശ്യമാണ്. മുണ്ടിൽ ഞൊറികൾ ഉണ്ടായിരിക്കണം
- കൈകളിൽ വീതിയുള്ള കാപ്പ്; വള, കുണുക്ക്, വെള്ളക്കമ്മൽ, കാശിമാല, തള, എന്നിവ ഉണ്ടായിരിക്കണം
- കാലിൽ മൈലാഞ്ചി ഉണ്ടായിരിക്കണം.
- കളിക്കുമ്പോൾ ആഭരണങ്ങൾ അഴിയാൻ പാടില്ല. കൈകുത്താൻ പാടില്ല.

## 3.പരിചമുട്ട് കളി

- 10 മിനിട്ട്. 8 പേർ.
- ആൺകുട്ടികൾക്ക് മാത്രമായിരിക്കും.
- നിലവിളക്ക് ഉണ്ടായിരിക്കണം (സംഘാടകർ നൽകുന്നതാണ്)
- തനതായ വേഷമായിരിക്കണം.
- നൃത്താവതരണത്തിന് താളം ക്രമീകരിക്കുന്നതിന് കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. മറ്റ് സംഗീത ഉപകരണങ്ങളോ പിന്നണിയോ പാടില്ല.

**മൂല്യനിർണയ ഉപാധികൾ**

A) വേഷത്തിന്റെ അനുയോജ്യത 20%

B) ചുവട് അടവ് 30%

C) താളം 20%

D) പാട്ട് 20%

E) ചടുലത 10%

**വിലയിരുത്തുന്ന ഘടകങ്ങൾ**

- പുണ്യാളചരിതം, പള്ളി, ക്രിസ്തീയ ഗാനങ്ങൾ ഉപയോഗിക്കാം
- ചുവടിനേക്കാൾ അടവുകൾക്ക് പ്രധാന്യം
- 6 പേർ കളിക്കുകയും 2 പേർ പാടുകയും വേണം
- മുണ്ട് താറുടുത്ത് അരയിലും തലയിലും ചുവന്ന പട്ട് ധരിക്കണം.
- കൈയ്യാഭരണങ്ങൾ, കുരിശുമാല എന്നിവ ധരിക്കാം.
- കഴുത്തിലൂടെ 5 വിരൽ വീതിയിൽ മുണ്ട് കുറുക്ക് കെട്ടിമുറുക്കുന്നു. (ചുറ്റിയുടുക്കണം)
- കൃതാവ് നിർബന്ധം, പോരാളിയുടെ മേക്കപ്പ്, ശരിയായ വാളും പരിചയും വേണം.
- വാളോ പരിചയോ കളിക്കിടെ താഴെപോയാൽ. അടവോ ചുവടോ തെറ്റിയാൽ, കൂട്ടിയിടിച്ചാൽ ഇവ മൈനസ് മാർക്കായി പരിഗണിക്കപ്പെടുന്നതാണ്.

## 4. മൈം

- 10 മിനിറ്റ്
- 3 പേരിൽ കുറയാനോ 12 പേരിൽ കൂടാനോ പാടില്ല.
- രംഗസജ്ജീകരണത്തിന് 5 മിനിട്ട് അനുവദിക്കും.
- യുവതി യുവാക്കന്മാർ ഉൾപ്പെട്ട ടീമുകൾ രൂപീകരിക്കാൻ അനുവാദമുണ്ട്.
- മത്സരത്തിന് ശേഷം അതാത് ടീമുകൾ സ്റ്റേജ് ക്ലിയർ ചെയ്യണം.
- ധാർമ്മിക മൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമാകണം.

**മൂല്യനിർണയ ഉപാധികൾ:**

A) ആശയം - 25%

B) അവതരണം - 25%

C) സർഗ്ഗാത്മകത - 20%

D). വേഷവിധാനം /മേയ്ക്കപ്പ് - 15%

E). സംഗീതം - 15%

**വിലയിരുത്തപ്പെടുന്ന ഘടകങ്ങൾ:**

- ഒരു വിഷയമോ, ആശയമോ, കഥയോ - ശരീര ചലനങ്ങൾ, മുഖഭാവം, അംഗവിക്ഷേപം, അംഗവിന്യാസം എന്നിവയിലൂടെ അവതരിപ്പിക്കുക.

## 5. ചവിട്ടുനാടകം

- 30 മിനിറ്റ്
- പിന്നണിയിൽ റിക്കോർഡ് ചെയ്ത സി.ഡി., പെൻഡ്രൈവ് ഉപയോഗിക്കാം.
- ചരിത്ര സംഭവങ്ങൾ ആസ്പദമാക്കിയുള്ള വിഷയം.

**മൂല്യനിർണയ ഉപാധികൾ:**

A) ചുവട് - 40%

B) അഭിനയം - 30%

C) വേഷം - 20%

D) പാട്ട് - 10%

**ചവിട്ടുനാടകം=വിലയിരുത്തപ്പെടുന്ന ഘടകങ്ങൾ:**

- കൈമുദ്രകൾ ഉണ്ടായിരിക്കണം.
- കവിത്തം ഉണ്ടായിരിക്കണം.
- രാജകീയമായ വേഷവിദാനങ്ങൾ ആയിരിക്കണം.
- രംഗസജ്ജീകരണത്തിന് പ്രത്യേക മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

## 6.കെ.സി.വൈ.എം ആന്തം

- കെ.സി.വൈ.എം സംസ്ഥാന ആന്തമാണ് ആലപിക്കേണ്ടത്.
- അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ അരുത്.
- കെ.സി.വൈ.എം. ഔദ്യോഗിക പതാക ഏന്തണം.(പതാക സംഘാടകർ നൽകുന്നതാണ്.)
- ആന്തം പാടുമ്പോൾ താളം അടിക്കുവാൻ പാടുള്ളതല്ല.
- സെക്കന്റ്സ്, റിപ്പീറ്റേഷൻ എന്നിവ പാടുള്ളതല്ല.
- മാർച്ചിംഗ് ട്യൂണാണ് ആലപിക്കേണ്ടത്.
- മൈക്ക് ഉണ്ടായിരിക്കുന്നതല്ല.
- ടീമിൽ യുവാക്കളും യുവതികളും ഉണ്ടായിരിക്കണം.

**മൂല്യനിർണയ ഉപാധികൾ:**

A) ശ്രുതിശുദ്ധി - 20%

B) താളം - 20%

C) സ്വരച്ചേർച്ച - 20%

D) അക്ഷരസ്ഫുടത - 20%

E) ഭാവം - 20%

## 7.നാടൻപാട്ട്

- 10 മിനിറ്റ്.
- അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്.
- പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം.
- വാമൊഴിയായി കിട്ടിയ പാട്ടുകൾ മാത്രമേ ഉപയോഗിക്കാവു.
- അനുഷ്ഠാനപാട്ടുകൾ, ഉത്സവപാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ, എന്നിവ ആലപിക്കാം.
- പ്രാദേശികമായ തനതു വാദ്യോപകരണങ്ങൾ കെ.സി.വൈ.എം. അംഗങ്ങൾ തന്നെ ഉപയോഗിക്കണം.
- പിന്നണി പാടില്ല.
- ഇലക്ട്രോണിക് ഉപകരണങ്ങളോ, സി.ഡി., കരോക്കെ സംവിധാനങ്ങളോ ഉപയോഗിക്കാൻ പാടില്ല.
- വേഷവിധാനങ്ങൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.
- മൈക്ക് നൽകുന്നതല്ല.

**മൂല്യനിർണയ ഉപാധികൾ:**

A) താളം, ഈണം - 25%

B) സാഹിത്യം - 20%

C) ഉച്ചാരണം - 20%

D) ഏറ്റുപാട്ടുകാരുടെ യോജിപ്പ് - 25%

E) ഉപകരണം - 10%

## 8. ഗാനമേള

- പരമാവധി 10 മിനിറ്റ് സമയം.
- അംഗങ്ങളുടെ എണ്ണം 6 ൽ കുറയുകയോ 8 ൽ കൂടുകയോ അരുത്.
- സംഗീത ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ 3 മുതൽ 5 പേര് വരെയാവാം.
- കുറഞ്ഞത് 2 ഗാനങ്ങളെങ്കിലും ആലപിക്കണം.
- ഭാഷാഗാനങ്ങളും ഉൾപ്പെടുത്താം. മറ്റ് ഭാഷകൾ നിർബന്ധമില്ല.
- മലയാളം ഒരു ഗാനം നിർബന്ധം,
- ഗാനമേളയുടെ തുടക്കം ഭക്തിഗാനത്തിൽ നിന്ന് ആയിരിക്കണം.
- സോളോ, ഡ്യൂയറ്റ്, ഗ്രൂപ്പ് ആലാപന രീതികൾ സ്വീകരിക്കാം.
- ടീമിൽ കുറഞ്ഞത് 3 ഗായകരെങ്കിലും ഉണ്ടായിരിക്കണം.
- സംഗീത ഉപകരണങ്ങളുടെ വാദനം മാനുവൽ ആയിരിക്കണം.
- റെക്കോർഡഡ് മ്യൂസിക്ക്, കീബോർഡിലുള്ള Accompaniment (അകമ്പടി) എന്നിവ ഉപയോഗിക്കാൻ പാടുള്ളതല്ല.
- ഉപയോഗിക്കേണ്ട ഉപകരണങ്ങൾ

1. KEYBOARD
2. RHYTHM PAD,COMPOSER - ഇവയിൽ ഏതെങ്കിലും ഒരു ഉപകരണം.
3. LEAD GUITAR/ACOUSTIC GUITAR/BASE GUITAR - ഇവയിൽ ഏതെങ്കിലും രണ്ട് ഉപകരണങ്ങൾ

**മൂല്യനിർണയ ഉപാധികൾ:**

A) ഓർക്കസ്ട്ര 35%

B) ശ്രുതിശുദ്ധി 25%

C) ഒരുമിച്ച് പാടുന്നതിനുള്ള കഴിവ് 20 %

D) താളം 10%

E) ലയം, ഭാവം 10%

## 9. ഡിബേറ്റ്

- 10 മിനിറ്റ്.
- 2 പേർക്ക് ഒരു ടീമായി പങ്കെടുക്കാം.
- ഒരാൾ പ്രൊപ്പോസർ, മറ്റേയാൾ ഒപ്പോസർ.
- ഒപ്പോസറിനും പ്രൊപ്പോസറിനും 5 മിനിറ്റ് വീതം ഉപയോഗിക്കാം.
- ആദ്യ അഞ്ചു മിനിറ്റ് അനുകൂലിക്കുന്ന വ്യക്തിക്കും അവസാന അഞ്ചു മിനിറ്റ് പ്രതികൂലിക്കുന്ന വ്യക്തിക്കും വിഷയത്തെക്കുറിച്ച് സംസാരിക്കാവുന്ന രീതിയിലായിരിക്കും ഡിബേറ്റ് നടത്തപ്പെടുക.
- ഡിബേറ്റ് മത്സരാർത്ഥികൾ മത്സരം കഴിയുന്നത് വരെ ഹാൾ വിട്ട് പുറത്ത് പോകാനോ, മൊബൈൽ ഫോൺ ഉപയോഗിക്കാനോ അനുവദിക്കുന്നതല്ല. രൂപത സമിതി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത ടീമുകളെ അതിനാൽ തന്നെ അയോഗ്യരാക്കുന്നതാണ്.
- ഭക്ഷണം, വെള്ളം, സ്നാക്ക്സ് മത്സരാർഥികൾ കൊണ്ട് വരേണ്ടതാണ്.
- A) സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ് 20%
- B) ഭാഷാശുദ്ധി 15%
- C) ആശയ സ്ഫുടത 25%
- D) അംഗവിക്ഷേപം 15 %
- E) സന്ദർഭോചിതമായ ശബ്ദനിയന്ത്രണം 15%
- F) അക്ഷരസ്ഫുടത 10%

## 10. ക്വിസ്

- ഒരു ടീമിൽ 3 അംഗങ്ങൾ വരെ ആകാം.

**പഠനഭാഗങ്ങൾ**

- യൂക്യാറ്റ് (10%) ഭാഗം 1: അദ്ധ്യായം 2 (ചോദ്യം 71-115)
- ക്രിസ്തു ജീവിക്കുന്നു (10%) അദ്ധ്യായം 4

ബൈബിൾ : (35%)

- ന്യായാധിപന്മാർ: അദ്ധ്യായം 11-21
- പ്രഭാഷകൻ: അദ്ധ്യായം 41-50
- ലൂക്കാ: അദ്ധ്യായം 17-24
- എഫേസോസ് : അദ്ധ്യായം 1-6
- കെ.സി.വൈ.എം. ചരിത്രം, ദർശനം, പ്രവർത്തന ശൈലി, പ്രവർത്തനങ്ങൾ,സംസ്ഥാന നിയമാവലി, പഠന വിഷയം (45%)

# DONT FORGET!

- Registration Starts : AUG 11, MON
- Registration Ends : AUG 22, FRI
- Debate & Quiz Competition : AUG 24, SUN
- Kalolsavam : SEP 13 SAT

## MORE INFO

- KCYM DIOCESE OFFICE : 977 825 1858
- SAVIO THOTTUPURAM : 828 171 6660 (PRESIDENT)
- ANU MEKKUZHIKATTU : 9383429337 (GENERAL.SECRETARY)
- ALPHONSA JOY : 859 088 6799 (SECRETARY)

അരങ്ങ് 2025
രൂപത കലോത്സവം